**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **27-01-2026 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത നിർമ്മാണവും വിനോദ സഞ്ചാര വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ദേശീയ ജലപാത ഭാവിയിൽ കേരളത്തിന്റെ അഭിമാന പദ്ധതികളിൽ ഒന്നായിത്തീരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പശ്ചിമതീരത്തിന് സമാന്തരമായി പ്രധാന ജലപാതകളെ കൂട്ടി യോജിപ്പിച്ചുകൊണ്ടും, കനാൽ ഇല്ലാത്തിടത്ത് ഭൂമിയേറ്റെടുത്ത് പുതിയ കനാൽ നിർമ്മിച്ചും, നിലവിൽ വീതിയും ആഴവും കുറവുള്ള കനാൽ ഭാഗങ്ങൾ വികസിപ്പിച്ചും വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ (WCC) തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ ജലപാത പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ച് വരുന്നത്. ഇതിലെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം മാത്രമാണ് ദേശീയ ജലപാത- 3 (NW-3) ആയി പ്രഖ്യാപിച്ചിട്ടുള്ളത്. ഉൾനാടൻ ജലപാത യാഥാർത്ഥ്യമാകുന്നതോടെ ഗതാഗതം, ടൂറിസം, ചരക്ക് നീക്കം എന്നീ മേഖലകൾക്ക് ജലപാത പ്രയോജനപ്പെടുമെന്നും ഇതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെ വിപുലീകരിക്കുന്നതിന് ഇത് സഹായകരമാകുമെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ജലപാതാ വികസനം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. |
| (ബി) | ഏതെല്ലാം റീച്ചുകളിലെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റ് റീച്ചുകളിലെ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | കോവളം - ബേക്കൽ പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ)-ന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്. പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. |

രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിലുള്ള വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, പൂർണ്ണതോതിൽ വികസിപ്പിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുക്കുകയും പാലങ്ങൾ പുനർ നിർമ്മിക്കുകയും മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിൽ സ്ഥലം ഏറ്റെടുപ്പ് ആവശ്യമായി വരുന്ന കോവളം-ആക്കുളം, കോട്ടപ്പുറം-കല്ലായി കോഴിക്കോട് കനാൽ സിറ്റി, മാഹി-വളപട്ടണം നീലേശ്വരം -ബേക്കൽ എന്നീ ഭാഗങ്ങൾ ഒഴികെ ജലപാത 2026 ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ നടന്നുവരുന്ന വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്. കോവളം മുതൽ കൊല്ലം വരെയുള്ള പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.

2. ടി.എസ് കനാലിന്റെ കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

3. ടി.എസ് കനാലിന്റെ (22.55 കി.മീ.– 25.95 കി.മീ.) ആറാട്ടുവഴി മുതൽ അനക്കപ്പിള്ള വരെയുള്ള ഭാഗത്തെ വികസന പ്രവൃത്തികൾ 90% പൂർത്തീകരിച്ചു.

4. 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

5. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

6. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

7. ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തി 95% പൂർത്തീകരിച്ചു.

8. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തികൾ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

9. ചെ.49740മീ. മുതൽ ചെ. 50900 മീ. വരെയും ചെ. 50900മീ. മുതൽ ചെ. 52200 മീ. വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസന പ്രവർത്തനങ്ങളുടെ കരാർ ഉടമ്പടി വെച്ച് പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 50% പ്രവൃത്തികൾ പൂർത്തീകരിച്ചു.

10. വർക്കല റാത്തിക്കൽ ജുമാമസ്ജിദിനു സമീപമുള്ള പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി, ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണ പ്രവൃത്തികൾ എന്നിവ പൂർത്തികരിച്ചു.

11. താഴെവെട്ടൂർ മസ്ജിദിനു സമീപമുള്ള പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചു.

12. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

13. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പൂർത്തീകരിച്ചു.

14. കല്ലുപാലം പണി പൂർത്തീകരിച്ചു.

15. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗുഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

16. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെയുള്ള ലാന്റ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നടന്നു വരുന്നു.

17. ടൂറിസം വകുപ്പിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന പ്രവൃത്തികൾ

. കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

. പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

. പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

. മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.

18. ഇരവിപുരം അസംബ്ലിമണ്ഡലത്തിലെ ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്ക സമീപം കാരുണ്യതീരം മുതൽ ഇരവിപുരം റീച്ച്-2 ചെ.330. മീ മുതൽ 680 മീ. വരെയുള്ള കൊല്ലം തോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

19. കായിക്കരക്കടവ് ബോട്ട്ജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

20. കൊല്ലംതോട് റീച്ച് - 6 ചെ. 72.75 മുതൽ 73.10 കി.മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകരയുടെ അടിയന്തര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചു.

21. കൊല്ലം തോട് റീച്ച് - 2 ലെ കച്ചിക്കടവ് (ചെ. 69.13 കി.മീ.) മുതൽ മുണ്ടക്കൽ 69.63 കീ.മീ. വരെയുള്ള കൊല്ലം തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി പൂർത്തീകരിച്ചു.

22. കൊല്ലം തോട് റീച്ച് - 2 ലെ കച്ചിക്കടവ് മുതൽ മുണ്ടക്കൽ ചെ. 69.63 കി.മീ. മുതൽ 70.13 കീ.മീ. വരെയുള്ള കൊല്ലം തോടിന്റെ സംരക്ഷണ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ നടന്നു വരുന്നു.

23. വർക്കലയിൽ കടകം പാലത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

24. കാപ്പിൽ HS ബോട്ട് ജെട്ടി, പൂതക്കുളം ബോട്ട് ജെട്ടി, പെഴുംതുരുത്ത് ബോട്ട് ജെട്ടി, കുളമുട്ടം ബോട്ട് ജെട്ടി, പെരുങ്ങുഴി ബോട്ട് ജെട്ടി എന്നിവയുടെ പുനർനിർമ്മാണ പ്രവൃത്തി ആരംഭിച്ചു. ചവറ ബോട്ട് ജെട്ടിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. സാമ്പ്രാണിക്കൊടി ബോട്ട് ജെട്ടി അവസാന ഘട്ടത്തിലാണ്.

25. നവകേരള സദസ്സ് ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ 6 കോടി രൂപയുടെ ടൂറിസം പ്രവൃത്തികളുടെ കരാർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കൊല്ലം - കോഴിക്കോട്

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിലെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം മാത്രമാണ് ദേശീയ ജലപാത- 3 (NW-3) ആയി പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗതയോഗ്യമാണെങ്കിലും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം കൂടി പൂർത്തിയാകാനുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്ത് വികസന പ്രവൃത്തികൾക്കായി ദേശീയജലപാതയുടെ ചുമതലയുള്ള ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ഡി.പി.ആർ തയ്യാറാക്കിയിരുന്നെങ്കിലും അതിൻ പ്രകാരമുള്ള പ്രവൃത്തികൾക്ക് നാളിതുവരെ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

## തൃശ്ശൂർ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത-3 ൽ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന വികസന പ്രവൃത്തികൾ

**കോട്ടപ്പുറം - ചാവക്കാട്**

- തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു.
- തൃപ്രയാർ, ഡാണകടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണം യഥാക്രമം 95%,27%,93% പൂർത്തീകരിച്ചു.
- ചേറ്റുവ - ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള 2.25 കോടി രൂപയുടെ അനുമതി നല്കിയിട്ടുണ്ട്.
- ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചു.
- ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പശ്ചിമതീര കനാലിന്റെ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ നടപടികൾ നടന്നുവരുന്നു.

- ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റു 15 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച ശേഷം, ഡിസൈൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
- കൂടാതെ ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഇടങ്ങളിൽ നടന്നുവരുന്നു.

**<u>ചേറ്റുവ - കല്ലായി</u>**

- പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW 3-ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.
- പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.
- കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD — RIDF — Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.
- ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു.

**<u>കല്ലായി - ഇരഞ്ഞിക്കൽ</u>**

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (328 കി.മീ.) കഴിഞ്ഞു വരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു.

**<u>ഇരഞ്ഞിക്കൽ - വടകര</u>**

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വടകര - മാഹി**

17.61 കി.മീ ദൈർഘ്യമുള്ള വടകര മാഹി കനാലിന്റെ 13.38 കി.മീ ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കോട്ടപ്പള്ളി, തയ്യിൽ, കളിയാംവള്ളി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച്-1- ജലപാത നിർമ്മാണം പൂർത്തീകരിച്ചു. കൾവർട്ടുകളുടെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

റീച്ച്-2 - പൂർത്തീകരിച്ചു.

റീച്ച്-3 - 52% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

റീച്ച്-4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്.

റീച്ച്-5 - ജലപാത നിർമ്മാണം. പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി പുരോഗമിക്കുകയാണ്.

**മാഹി - വളപട്ടണം**

മാഹി- വളപട്ടണം റീച്ചിന്റെ 26 കി.മീ ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നു വരുന്നു.

തലശ്ശേരി, ധർമ്മടം പുഴകളെ ദേശീയ ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ചേർക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.<br><br>ഒന്നാം കട്ട് — പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.<br><br>രണ്ടാം കട്ട് — സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.<br><br>മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>നവകേരള സദസ്സിൽ അഴീക്കൽ നിയോജക മണ്ഡലത്തിൽ കല്ലരിക്കടവ് ബോട്ട് ജെട്ടിയുടെ പുനർനിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമായി 1.25 കോടി രൂപ അനുവദിച്ചിട്ടുള്ളതും ടെണ്ടർനടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ വളപട്ടണം പുഴയിൽ പറശ്ശിനിക്കടവ് പാലം മുതൽ ചെങ്ങളായി വരെയുള്ള ജലപാത ഉപയോഗയോഗ്യമാക്കുന്നതിനായി പുഴയുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയ്ക്ക് 2.5 കോടി രൂപ അനുവദിച്ചിട്ടുള്ളതും ടെണ്ടർനടപടികൾ നടന്നു വരുന്നതുമാണ്.<br><br>**<u>നീലേശ്വരം - ബേക്കൽ</u>**<br><br>കാസറഗോഡ് ജില്ലയിൽ കൊറ്റി മുതൽ നീലേശ്വരം-കോട്ടപ്പുറം വരെ 22.63 കി.മീ. ജലപാത ഗതാഗത യോഗ്യമാണ്. നീലേശ്വരം-കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ (21.92കി.മീ) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നീലേശ്വരം-ബേക്കൽ നിർദ്ദിഷ്ട ജലപാത (ചെയിനേജ് 567.90 കി.മീ - 590.53 കി.മീ) വികസിപ്പിക്കുന്നതിനായി കവ്വായി-തലിച്ചാലം, കവ്വായി-മടക്കര, മടക്കര-മയ്യിച്ച, കോട്ടപ്പുറം-പെരുമ്പട്ട എന്നീ ഫീഡർ കനാലുകൾ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽ കവ്വായി -മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ, ഇടയിലക്കാട്, തെക്കെക്കാട് എന്നീ ബണ്ടുകൾ പൊളിച്ചു നീക്കി പാലം പണിയുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ദേശീയ ജലപാത പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ ജലഗതാഗത- | (സി) | പശ്ചിമതീര ജലപാതയുടെ വികസനത്തോടെ ഉൾനാടൻ ജലഗതാഗത മേഖലയിൽ വിപ്ലവകരമായ |

| | | | |
|---|---|---|---|
| | വിനോദസഞ്ചാര മേഖലകളിൽ ഏതെല്ലാം തരത്തിലുള്ള വികസന സാധ്യതകളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | മാറ്റമുണ്ടാകുകയും അതുവഴി വൻതോതിൽ ജലമാർഗ്ഗത്തിൽ കൂടിയുള്ള ചരക്ക് ഗതാഗതത്തിന് വഴി തുറക്കുകയും റോഡ് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങളും അപകടങ്ങളും താരതമ്യേന കുറയ്ക്കുന്നതിനും, അതോടൊപ്പം വിനോദസഞ്ചാരമേഖലയിൽ പുത്തൻമാറ്റങ്ങൾ നടപ്പിലാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങൾ എന്നിവയുമായി ദേശീയ ജലപാതയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദ സഞ്ചാര വികസനത്തിനും വിവര സാങ്കേതിക വിദ്യ അടക്കമുള്ള വ്യാവസായിക വികസനത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഗതാഗതം, ടൂറിസം, ചരക്കു നീക്കം എന്നീ മേഖലകൾക്ക് ഉൾനാടൻ ജലപാത പ്രയോജനപ്പെടുമെന്നും ഇതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെ വിപുലീകരിക്കുന്നതിന് ഇത് സഹായകരമാകുമെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ജലപാതാ വികസനം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ